പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2493**

**08.03.2017 ൽ മറുപടിയ്ക്ക്**

## യുവജനങ്ങൾക്കായുള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ആർ. രാജേഷ്<br>ശ്രീ. എ.എൻ.ഷംസീർ<br>ശ്രീ. ആന്റണി ജോൺ<br>ശ്രീ. കെ. സുരേഷ് കുറുപ്പ് | ശ്രീ.എ.സി. മൊയ്തീൻ<br>(ബഹു.വ്യവസായവും, സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് യുവജനങ്ങൾക്കായി നടപ്പിലാക്കുന്ന വിവിധ പദ്ധതികളും പരിശീലന പരിപാടികളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ ; | (എ) കേരളോത്സവം, ദേശീയ നാടൻ കലോൽസവം, ഗോത്രായനം, ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ, ദേശീയോദ്ഗ്രഥന ക്യാമ്പ്, ജോബ് ഫെസ്റ്റ്, അക്ഷരയുവത്വം, യുവ മാധ്യമ പ്രവർത്തക ക്യാമ്പ്, ഇന്റർ നാഷണൽ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം, ചലച്ചിത്ര ക്യാമ്പ്, യൂത്ത് എക്സിബിഷൻ, സാഹസിക പ്രവർത്തനങ്ങൾ, വനിതാശിൽപശാല, ഡി.റ്റി.പി/പി.എസ്.സി ഓൺലൈൻ പരിശീലനം, പരിസ്ഥിതി ദിനാചരണം, പേപ്പർബാഗ് നിർമ്മാണം, മഴക്കാല ബോധവൽക്കരണ ക്യാമ്പയിനുകൾ, നാടിക, യുവജനദിനാചരണം, സംരംഭകത്വ പരിശീലനം, സാഹസിക ഫോട്ടോഗ്രാഫി അവാർഡ്, യൂത്ത് അവാർഡ്, സ്ത്രീ സുരക്ഷാ പരിശീലനം, നാടൻ കലാമേള, കളരിപ്പയറ്റ് പഠനം, സ്വയംതൊഴിൽ ബോധവൽക്കരണ ക്യാമ്പയിനുകൾ, ക്യാമ്പസ് ലീഡേഴ്സ് ക്യാമ്പ്, പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം, വ്യക്തിത്വ വികസന പരിശീലന ക്യാമ്പ്, ഇശൽ പെരുമ, ഗോത്രവർഗ്ഗ യുവതികൾക്കായുള്ള ശിൽപശാല, സിവിൽ സർവ്വീസ് ഓറിയന്റേഷൻ പ്രോഗ്രാം, ചിത്രസൂത്ര, യൂത്ത് ലീഡർഷിപ്പ് ക്യാമ്പ്, സകർമ്മ, സ്പോർട്സ് കിറ്റ് വിതരണം, ജീവദായനി തുടങ്ങിയ പദ്ധതികളാണ് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കി വരുന്നത്. |

(ബി) മുൻ സർക്കാർ ഇത്തരം പദ്ധതികൾക്കും പരിശീലനങ്ങൾക്കുമായി നീക്കി വച്ച തുക ഫലപ്രദമായി വിനിയോഗിച്ചില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; ഇതിനായി ചെലവഴിച്ച തുകയുടെ കണക്ക് ലഭ്യമാണോ ; എങ്കിൽ നൽകുമോ ;

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2011-12 മുതൽ 2015-16 സാമ്പത്തിക വർഷം വരെ മേൽ പദ്ധതികൾക്കായി ചെലവഴിച്ച തുകയെ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) തൊഴിൽ രഹിതരായ യുവജനങ്ങൾക്ക് തൊഴിൽ കണ്ടെത്തുന്നതിനും അവർക്ക് പരിശീലനം നൽകുന്നതിനുമായി സംസ്ഥാന യുവജന ക്ഷേമ ബോർഡ് എന്തെല്ലാം സഹായങ്ങളാണ് യൂത്ത് ക്ലബ്ബുകൾ, സംഘടനകൾ എന്നിവയ്ക്ക് നൽകുന്നതെന്ന് വിശദമാക്കുമോ?

(സി) യുവജനങ്ങളുടെ സംരംഭകത്വ കഴിവ് വളർത്തി അവരെ വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടുകൂടി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ വ്യവസായ സംരംഭകത്വ വികസന പദ്ധതി നടപ്പിലാക്കി വരുന്നു. അഹമ്മദാബാദിലെ Entrepreneurship Development Institute of India - യുടെ കേരള ഘടകത്തിന്റെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ, സ്വയംതൊഴിൽ പരിശീലനങ്ങൾ നടത്തുന്നതിനായി യൂത്ത് ക്ലബ്ബുകൾക്ക് ധനസഹായം അനുവദിച്ചു വരുന്നു. കൂടാതെ ജോബ് ഫെസ്റ്റ് / ഫെയർ എന്നിവയും ബോർഡ് സംഘടിപ്പിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

*അനുബന്ധം*

## കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്

## ധനകാര്യ വിശകലനം സ്റ്റേറ്റ്മെന്റ്

**സാമ്പത്തിക വർഷം : 2011 –1 2**

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | വകയിരുത്തിയ തുക (രൂപ) | ചെലവഴിച്ചതുക (രൂപ) |
|---|---|---|---|
| 1) | കേരളോത്സവം | 24000000 | 22084064 |
| 2) | യുവശക്തി | 33000000 | 8134925 |
| 3) | യുവ അതിഥി മന്ദിരം, പെരിന്തൽമണ്ണ | 4000000 | 1008749 |
| 4) | അഡ്വഞ്ചർ ആക്ടിവിറ്റീസ് | 1500000 | 823842 |
| 5) | എംപ്ലോയ്മെന്റ് പ്രോഗ്രാം ഇൻഫർമേഷൻ സെന്റർ & യൂത്ത് സർവ്വീസസ് | 8000000 | 14090122 |
| 6) | അദർ യൂത്ത് വെൽഫെയർ പ്രോഗ്രാം | 5000000 | 4576473 |
| 7) | നാഷണൽ ഇന്റിഗ്രേഷൻ | 800000 | 300000 |
| 8) | ഇന്റർ നാഷണൽ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം | 2500000 | 658744 |
| 9) | യൂത്ത് ലീഡർഷിപ്പ് ക്യാമ്പ് | 700000 | 500000 |
| 10) | യൂത്ത് അവാർഡ് | 1500000 | 700000 |
| 11) | മോഡണൈസേഷൻ | 1000000 | 0 |
| ആകെ | | 8,20,00,000 | 5,28,76,919 |

**സാമ്പത്തിക വർഷം : 2012 –13**

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | വകയിരുത്തിയ തുക (രൂപ) | ചെലവഴിച്ചതുക (രൂപ) |
|---|---|---|---|
| 1) | കേരളോത്സവം | 38500000 | 35232760 |
| 2) | യുവശക്തി | 55000000 | 35033261 |
| 3) | യുവ അതിഥി മന്ദിരം, പെരിന്തൽമണ്ണ | 9900000 | 3000000 |
| 4) | അഡ്വഞ്ചർ ആക്ടിവിറ്റീസ് | 5000000 | 1250785 |
| 5) | എംപ്ലോയ്മെന്റ് പ്രോഗ്രാം ഇൻഫർമേഷൻ സെന്റർ & യൂത്ത് സർവ്വീസസ് | 15000000 | 15000000 |
| 6) | അദർ യൂത്ത് വെൽഫെയർ പ്രോഗ്രാം | 12100000 | 8923945 |
| 7) | നാഷണൽ ഇന്റിഗ്രേഷൻ | 900000 | 900000 |
| 8) | ഇന്റർ നാഷണൽ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം | 2800000 | 30000 |
| 9) | യൂത്ത് ലീഡർഷിപ്പ് ക്യാമ്പ് | 1900000 | 1500000 |
| 10) | പ്രമോഷൻ ഓഫ് ഫോക് ആർട്സ് | 2800000 | 500000 |
| 11) | യൂത്ത് അവാർഡ് | 1700000 | 1207000 |
| 12) | മോഡണൈസേഷൻ | 3900000 | 1027995 |
| ആകെ | | 14,95,00,000 | 10,36,05,746 |

സാമ്പത്തിക വർഷം : 2013 –14

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | വകയിരുത്തിയ തുക (രൂപ) | ചെലവഴിച്ചതുക (രൂപ) |
|---|---|---|---|
| 1 | കേരളോത്സവം | 40000000 | 40335353 |
| 2 | യുവശക്തി | 54000000 | 15024782 |
| 3 | യുവ അതിഥി മന്ദിരം, പെരിന്തൽമണ്ണ | 5000000 | 4772900 |
| 4 | അഡ്വഞ്ചർ ആക്ടിവിറ്റീസ് | 5500000 | 0 |
| 5 | എംപ്ലോയ്മെന്റ് പ്രോഗ്രാം ഇൻഫർമേഷൻ സെന്റർ & യൂത്ത് സർവ്വീസസ് | 20000000 | 4615400 |
| 6) | അദർ യൂത്ത് വെൽഫെയർ പ്രോഗ്രാം | 3000000 | 0 |
| 7) | നാഷണൽ ഇന്റഗ്രേഷൻ | 3000000 | 3000000 |
| 8) | ഇന്റർ നാഷണൽ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം | 2600000 | 0 |
| 9) | യൂത്ത് ലീഡർഷിപ്പ് ക്യാമ്പ് | 2000000 | 2414000 |
| 10) | പ്രമോഷൻ ഓഫ് ഫോക് ആർട്സ് | 3000000 | 973672 |
| 11) | യൂത്ത് അവാർഡ് | 1900000 | 1328266 |
| 12) | മോഡണൈസേഷൻ | 2500000 | 0 |
| 13) | യൂത്ത് ഭവൻ | 32500000 | 55898575 |
| **ആകെ** | | **17,50,00,000** | **12,83,63,448** |

**സാമ്പത്തിക വർഷം : 2014 –15**

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | വകയിരുത്തിയ തുക (രൂപ) | ചെലവഴിച്ചതുക (രൂപ) |
|---|---|---|---|
| 1) | കേരളോത്സവം | 44000000 | 42805055 |
| 2) | യുവശക്തി | 35100000 | 18287977 |
| 3) | യുവ വികാസ് | 22500000 | 6844905 |
| 4) | സാംസ്കാരിക പ്രവർത്തനങ്ങൾ | 7000000 | 3482022 |
| 5) | സാഹസിക കായിക പ്രവർത്തനങ്ങൾ | 4000000 | 2165926 |
| 6) | കരുതലും ക്ഷേമവും | 10000000 | 6327916 |
| 7) | ബോധവൽക്കരണ പ്രവർത്തനം | 3500000 | 0 |
| 8) | കൃഷി - പരിസ്ഥിതി | 3600000 | 700000 |
| 9) | ദേശീയോദ്ഗ്രഥന പരിപാടി | 5000000 | 1686545 |
| 10) | യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം | 1500000 | 7146 |
| 11) | യൂത്ത് ഭവൻ | 30000000 | 40370000 |
| 12) | പഠന ഗവേഷണ കേന്ദ്രം | 5200000 | 877477 |
| 13) | എംപ്ലോയ്മെന്റ് പ്രോഗ്രാം ഇൻഫർമേഷൻ സെന്റർ & യൂത്ത് സർവ്വീസസ് | 15000000 | 18638670 |
| **ആകെ** | | **18,64,00,000** | **14,21,93,639** |

സാമ്പത്തിക വർഷം : 2015 -16

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | വകയിരുത്തിയ തുക (രൂപ) | ചെലവഴിച്ചതുക (രൂപ) |
|---|---|---|---|
| 1. | കേരളോത്സവം | 44000000 | 44000000 |
| 2) | യുവവികാസ് | 15000000 | 14000000 |
| 3) | കരുതലുംക്ഷേമവും | 5600000 | 5400000 |
| 4) | സാഹസിക കായിക പ്രവർത്തനങ്ങൾ | 3400000 | 3400000 |
| 5) | നാഷണൽ ഇന്റഗ്രേഷൻ ക്യാമ്പ് | 7000000 | 6571235 |
| 6) | യൂത്ത് ഭവൻ | 23880000 | 0 |
| 7) | പനമരം യൂത്ത് ഭവൻ | 12500000 | 0 |
| 8) | ദേവികുളം അഡ്വഞ്ചർ അക്കാഡമി പുതുക്കി പണിയൽ | 20000000 | 0 |
| 9) | യൂത്ത് റിസർച്ച് സെന്റർ | 3000000 | 2500000 |
| 10) | സ്പോൺസർഷിപ്പ് | 1500000 | 1500000 |
| 11) | യുവശക്തി | 49520000 | 55628765 |
| 12) | അഡ്വർടൈസ്മെന്റ് | 1000000 | 1000000 |
| ആകെ | | **18,64,00,000** | **13,40,00,000** |